**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **14-01-2021 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജോയി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏതെല്ലാം പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള ജല അതോറിറ്റി മുഖേന വർക്കല മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 1. എസ് .സി . കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഇലകമാൻ പഞ്ചായത്തിൽ വലിയവിള എസ്.സി സങ്കേതത്തിലും, വാർഡ് നമ്പർ XVI ലെ എസ് സി സങ്കേതങ്ങളിലുമായി 10. 2 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വർക്കല മുനിസിപ്പാലിറ്റിയിലെ വിവിധ കോളനികളിലെ 9 വർക്കുകളിലായി 23.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2. എം .എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി 11 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. 3. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 32 പ്രവൃത്തികൾക്കു ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. 4. ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾക്കായി 2568.60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജലസേചന വകുപ്പിനു കീഴിൽ വർക്കല മണ്ഡലത്തിൽ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. |
| (ബി) | വർക്കല മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വർക്കല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി 133 കോടി രൂപയുടെ പ്രൊപ്പോസൽ കേരള ജല അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. വർക്കല മണ്ഡലത്തിൽ ജല ജീവൻ പദ്ധതിയിൽ ഉൾപെടുത്താനായി ഉല്പാദന ഘടകങ്ങൾക്കായി 31 കോടി രൂപയുടെയും, വിതരണഘടകങ്ങൾക്കായി 39 കോടി രൂപയുടെയും |

| | | | |
|---|---|---|---|
| | | | ഡി.ഇ.ആർ തയാറാക്കിയിട്ടുണ്ട്. കൂടാതെ വർക്കല ഓഗ്മെന്റേഷൻ പദ്ധതിയുടെയും, പള്ളിക്കൽ കുടിവെള്ള പദ്ധതിയുടെയും ഡി. ഇ.ആർ തയാറാക്കിവരുന്നു. ജലസേചന വകുപ്പിനു കീഴിൽ വർക്കല മണ്ഡലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു. |
| (സി) | വർക്കല മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗാർഹിക കണക്ഷനുകൾ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിലേക്ക് എത്ര രൂപ ചെലവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | വർക്കല മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 205 ഗാർഹിക കണക്ഷനുകൾ നല്കിയിട്ടുണ്ട്. ഇതിന്റെ ബിൽ തയ്യാറാക്കി വരുന്നു |

സെക്ഷൻ ഓഫീസർ